സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- കാസർഗോഡ് ജില്ല-മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ പരിശോധന- മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി. ശ്രീ.റ്റി.അശ്വിനികുമാർ, ഹെഡ്അക്കൗണ്ടന്റ് ശ്രീ.ഗോപിനാഥൻ നായർ,,ക്ലർക്ക്ശ്രീ.പ്രേംകുമാർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി -ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ.പി.കെ.സനിൽ കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം.1458 /2018/തസ്വഭവ, തിരുവനന്തപുരം, തീയതി: 28.05.2018

പരാമർശം : 1. കാസർഗോഡ് ജില്ലാ ധനകാര്യ (പരിശോധനാ) സ്ക്വാഡിന്റെ പരിശോധനാ റിപ്പോർട്ട്

2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.റ്റി.അശ്വിനികുമാർ,ഹെഡ് അക്കൗണ്ടന്റ് ശ്രീ,ഗോപിനാഥൻ നായർ, ക്ലർക്ക് ശ്രീ. പ്രേംകുമാർ.എം.എന്നിവർക്ക് സർക്കാരിൽ നിന്നും നൽകിയ 25.11.2017 ലെ കുറ്റ പത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.റ്റി.അശ്വിനികുമാർ, ശ്രീ,ഗോപിനാഥൻ നായർ, ശ്രീ. പ്രേംകുമാർ.എം എന്നിവർ യഥാക്രമം 5.1.2018, 7.1.2018, 8.1.2018 തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 24.3..2018 തീയതിയിലെ 13665/ എസ്റ്റാഎ 4/2017/ സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്കിൽ കാസറഗോഡ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ പരിശോധനയിൽ മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ടി മഞ്ചേശ്വരം ശാഖയിൽ ലക്ഷക്കണക്കിനു രൂപാ നിക്ഷിപ്തമായി സൂക്ഷിച്ചിരുന്നതായും പ്രസ്തുത അക്കൗണ്ടിൽ നിന്നും സർക്കാർ അനുമതിയില്ലാതെ പണം പിൻവലിച്ചിട്ടുള്ളതായും കണ്ടെത്തുകയുണ്ടായി. ധനകാര്യ പരിശോധനാ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.റ്റി.അശ്വിനികുമാർ, ഹെഡ് അക്കൗണ്ടന്റ് ശ്രീ.ഗോപിനാഥൻ നായർ, ക്ലർക്ക്. ശ്രീ.പ്രേംകുമാർ എന്നിവർക്കെതിരെ 1960 ലെ കെ.സി.എസ്(സിസി&എ)ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം 2)പ്രകാരം കുറ്റ പത്രവും ,കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു. പരാമർശം(3) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രികകൾ സമർപ്പിച്ചു. പ്രതിവാദ പത്രികയിൽ ടിയാളുകൾ കുറ്റം നിഷേധിച്ചു.

മഞ്ചേശ്വരം മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.റ്റി.അശ്വിനികുമാർ, ഹെഡ് അക്കൗണ്ടന്റ് ശ്രീ.ഗോപിനാഥൻ നായർ, ക്ലർക്ക്. ശ്രീ.പ്രേംകുമാർ എന്നിവർക്കെതിരെ കെ.സി.എസ്(സിസി&എ)ചട്ടം 15 പ്രകാരം സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഡോ.പി.കെ സുനിൽ കുമാർ- നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

1) ശ്രീ.ഡോ. പി .കെ .സുനിൽ കുമാർ,ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം, (കുറ്റപത്രം, കുറ്റാരോപണ പത്രിക, പ്രതിവാദ പത്രിക എന്നിവ സഹിതം- ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5) വിവര പൊതുജന സമ്പർക്ക (വെബ്&സ്യമീഡിയ) വകുപ്പ്
6) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ